ക്കുകയാണ്. അതോടൊപ്പം ശമ്പളപരിഷ്കരണം ഏർപ്പെടുത്തിയതു കൊണ്ട് ഒരുമാസം ആയിരം രൂപയിൽ കൂടുതൽ ശമ്പളം കിട്ടുന്ന ആളുകൾക്കാണെങ്കിൽ തീർച്ചയായും ഈ ആനുകൂല്യം കിട്ടുകയില്ല. അതു കൊണ്ട് 12,000 എന്നുള്ളത് വർദ്ധിപ്പിക്കണമെന്നുള്ള നിവേദനത്തെക്കുറിച്ച് ഗവൺമെൻറ് പരിശോധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ആദ്യം നികുതിയുടെ പരിധി 18,000 ആയി ഉയർത്തണമെന്നാണ് പറഞ്ഞത്. എന്നാൽ 20,000 വരെ ആയാൽ എന്താണ് എന്നുള്ളതിനെക്കുറിച്ച് ഗവൺമെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. എത്രയും വേഗത്തിൽ ഇതിന് ഒരു തീരുമാനമുണ്ടാക്കുന്നതാണ്.

(5) തൃത്താല ഗവൺമെൻറ് ഡിസ്പെൻസറിയുടെ ശോചനീയ സ്ഥിതി

ശ്രീ. കെ.കെ. ബാലകൃഷ്ണൻ: സർ, തൃത്താല നിയോജക മണ്ഡലത്തിൽപ്പെട്ട തൃത്താല ഗവൺമെൻറ് ഡിസ്പെൻസറിയുടെ ശോചനീയമായ സ്ഥിതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. ഇപ്പോൾ 22 കിടക്കകളുള്ള ആശുപത്രിയിൽ സ്റ്റാഫ് പാറേൺ അനുസരിച്ചുതന്നെ രണ്ടു ഡോക്ടർമാർവേണം. ഇന്ന് ഒരു ഡോക്ടർ മാത്രമാണ് അവിടെ വർക്ക് ചെയ്യുന്നത്. ആവശ്യത്തിന് നേഴ്സുമാരില്ല, കുക്കില്ല, മെറേണിറ്റി അസിസ്റ്റൻറില്ല, പാത്രങ്ങളില്ല, മരുന്നില്ല. അങ്ങനെ വളരെ ശോചനീയമായ ഒരവസ്ഥയാണ് തൃത്താല ഗവൺമെൻറ് ഡിസ്പെൻസറിക്ക് ഇന്നുള്ളത്. അതു മാത്രമല്ല, ഒരു കോമ്പൗണ്ടുവാളുമില്ല. അങ്ങനെ വളരെ ശോചനീയമായി കിടക്കുന്ന ഈ ആശുപത്രി നേരെയാക്കാനാവശ്യമായ നടപടികൾ ഗവൺമെൻറ് സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. നൈറ്റ് ഡ്യൂട്ടിക്കാവശ്യമായ നേഴ്സുമാരില്ലാത്തതുകൊണ്ട് വളരെയേറെ പ്രയാസങ്ങൾ ഇൻപേഷ്യൻറ്സ് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതു കൊണ്ട് അടിയന്തിരമായി ഒരു ഡോക്ടറെക്കൂടി നിയമിക്കണം. ആവശ്യമായ പാത്രങ്ങൾ നൽകണം. കോമ്പൗണ്ടുവാൾ നിർമ്മിക്കണം. അങ്ങനെ തൃത്താലയിലെ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. അവിടെ വരുന്ന രോഗികൾക്ക് ആശ്വാസം നൽകാനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇപ്പോൾ ആ ആശുപത്രി 37 കിടക്കകളുള്ള ആശുപത്രിയായി ഉയർത്താനുള്ള കൽപ്പന പുറപ്പെടുവിച്ചിട്ടുണ്ട്. ഇന്ന് നിലവിലുള്ള സ്റ്റാഫ്സ്ട്രെങ്ത് ഒരു ഡോക്ടർ, ഒരു നേഴ്സ്, ഒരു ഫാർമസിസ്റ്റ്, ഒരു മിഡ്വൈഫ്, ഒരു ഹോസ്പിറ്റൽ അസിസ്റ്റൻറ്, ഒരു കുക്ക്, ഒരു നേഴ്സിംഗ് അസിസ്റ്റൻറ് ഇത്രയുമാണ്. അത് വർദ്ധിപ്പിച്ചുകൊണ്ട് കൽപ്പന പുറപ്പെടുവിക്കുന്നതാണ്. ഒരു ഡോക്ടറെയും അഞ്ചു നേഴ്സുമാരെയും ഒരു നേഴ്സിംഗ് അസിസ്റ്റൻറിനെയും, ഒരു ഹോസ്പിറ്റൽ അറ്റൻററേയും, രണ്ടു ഹോസ്പിറ്റൽ അസിസ്റ്റൻറുമാരെയും, ഒരു ക്ലറിക്കൽ അസിസ്റ്റൻറിനേയും നിയമിക്കാനുള്ള സാംഗ്ഷൻ ആയിട്ടുണ്ട്. അവരുടെ നിയമനം വൈകാതെ നടത്തുന്നതായിരിക്കും. മരുന്നുകളെ സംബന്ധിച്ചിടത്തോളം അവർക്ക് മരുന്ന് സപ്ലൈ ചെയ്തിട്ടുണ്ട്. ഇതിനുപുറമെ 8,656 രൂപ 55 പൈസയ്ക്കുള്ള മരുന്ന് വിതരണം ചെയ്തിട്ടുണ്ട്. ബാക്കി ആവശ്യമായ കാര്യങ്ങളൊക്കെ ഡിപ്പാർട്ടുമെൻറ് പരിശോധിച്ച് ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly